(സി) ഈ മാറ്റങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) എ. ഐ. സി. ടി. ഇ.-യുടെ 16-2-2004-ലെ റെഗുലേഷൻസിൽ നിർബന്ധ വിഷയമായി പ്ലസ് ടു തലത്തിൽ കെമിസ്ട്രി പഠിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾ നിർബന്ധമായും പഠിച്ച് കെമിസ്ട്രി, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, ബയോളജി എന്നിവയിൽ ഏതെങ്കിലും ഒന്നു പഠിച്ച് പ്ലസ് ടു പരീക്ഷ പാസ്സായവർ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ് പ്രവേശനത്തിന് യോഗ്യരാണെന്നും റഗുലേഷൻസിൽ വ്യവസ്ഥ ചെയ്യുന്നു. കേരളത്തിൽ ഇത് 2005-ലെ പ്രവേശനത്തിന് ബാധകമാക്കിയിട്ടില്ല.

(സി) കേരളത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിനുള്ള യോഗ്യത തീരുമാനിക്കുന്നത് ഈ കോഴ്സുകൾ നടത്തുന്ന യൂണിവേഴ്സിറ്റികളാണ്. എ. ഐ. സി. ടി. യുടെ പുതിയ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതാ മാനദണ്ഡം കേരളത്തിലെ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ബാധകമാക്കണോ എന്ന കാര്യം യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് ആലോചിക്കാവുന്നതാണ്.

മെഡിക്കൽ സാങ്കേതിക കോളേജ് പ്രവേശനത്തിന് സംവരണം

123 [3013] ശ്രീ. ഇ. എം. അഗസ്തി :
,, എം. എ. ചന്ദ്രശേഖരൻ :
,, പി. ടി. തോമസ് :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സാങ്കേതിക കോളേജുകളിലേക്കുള്ള പ്രവേശനത്തിന് ഏതെല്ലാം വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള സംവരണം എത്രയെന്ന് പറയുമോ?

ഉത്തരം

(എ) സംവരണം പ്രധാനമായും 5 വിഭാഗങ്ങളിലാണ് നൽകിവരുന്നത്.

1. എം. ബി. ബി. എസ്./ബി. ഡി. എസ്. കോഴ്സുകൾക്കുള്ള അഖിലേന്ത്യാ കാറ്റഗറി. ഇത് അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയാണ് നികത്തപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നാമനിർദ്ദേശം ചെയ്യുന്ന സീറ്റുകൾ.

3. വികലാംഗ വിദ്യാർത്ഥികൾക്കുള്ള റിസർവേഷൻ.

4. സ്പെഷ്യൽ റിസർവേഷൻ.

5. മാൻഡേറ്ററി റിസർവേഷൻ.

(ബി) 1. സർക്കാർ/എയിഡഡ് കോളേജുകളിലെ അഖിലേന്ത്യാ കോട്ട, നോമിനേഷൻ സീറ്റുകൾ എന്നിവ ഒഴികെയുള്ള സീറ്റുകളുടെ 3% സീറ്റുകൾ ശാരീരിക വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇത് എല്ലാ കോഴ്സുകൾക്കും ബാധകമാണ്.

2. പ്രത്യേക സംവരണ വിഭാഗത്തിന്റെയും അല്ലാതെയുള്ള സംവരണത്തിന്റെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഉന്നത സാങ്കേതിക സർവ്വകലാശാല രൂപീകരിക്കാൻ നടപടി

124 [3014] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, എ. എൻ. രാജൻ ബാബു :

,, കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ മികച്ച രീതിയിലുള്ള പ്രവർത്തനത്തിനും നിയന്ത്രണത്തിനും നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി ഒരു ഉന്നത സാങ്കേതിക സർവ്വകലാശാല രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) കരിക്കുലം ഏകീകരിക്കുവാനും പഠന ബോധന പ്രക്രിയ ആധുനികവൽക്കരിക്കുവാനും നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുവാനും പരീക്ഷാ രീതിയും ഫല പ്രഖ്യാപനവും ഏകീകരിക്കാനും, വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും ഒരു സാങ്കേതിക സർവ്വകലാശാല രൂപീകരിച്ച് എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അതിൽ അഫിലിയേറ്റ് ചെയ്യാനും നടപടി സ്വീകരിച്ച് വരുന്നു.

†അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly